പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2661

18.06.2018-ൽ മറുപടിക്ക്

## വടവന്നൂർ പാലം

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) അടിയന്തരമായി പുനർനിർമ്മിക്കേണ്ട താണെന്ന് കണ്ടെത്തി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ വടവന്നൂർ പാലം ഉൾപ്പെട്ടിട്ടുണ്ടോ;<br><br>(ബി). എങ്കിൽ പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;<br><br>(സി). പ്രസ്തുത പാലത്തിന് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (എ) & (ബി & (സി) അടിയന്തിരമായി പുനർ നിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തി തയ്യാറാക്കിയ പാലങ്ങളുടെ പട്ടികയിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വടവന്നൂർ പാലം ഉൾപ്പെട്ടിട്ടില്ല. എന്നാൽ വീതി കുറഞ്ഞ പാലമായതിനാൽ റീ കൺസ്ട്രക്ഷൻ ആവശ്യമായതുകൊണ്ട് പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാവുകയും 495 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 26.02.2018-ലെ കത്ത് നമ്പർ CE/R&B/2017/3799/PRICE പ്രകാരം ലഭ്യമാകുകയും ആയത് വിശദമായ പരിശോധനകൾക്കുശേഷം ഈ സാമ്പത്തിക വർഷം പുന:സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകി മടക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ സാമ്പത്തിക വർഷം മേൽ പ്രവൃത്തിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ അനുമതിയ്ക്കായി ലഭ്യമായിട്ടില്ല. |

S. Bindu

സെക്ഷൻ ഓഫീസർ